# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.683 — 29/10/2019-ൽ മറുപടിക്ക്

### ചെങ്ങന്നൂർ വൈദ്യുതി ആഫീസിന് പുതിയ കെട്ടിടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.സജി ചെറിയാൻ** | | ശ്രീ എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
| (എ) | ചെങ്ങന്നൂർ വൈദ്യുതി ആഫീസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ) | ചെങ്ങന്നൂർ ഇലക്ട്രിക്കൽ ഡിവിഷൻ, ഇലക്ട്രിക്കൽ സബ് ഡിവിഷൻ, ഇലക്ട്രിക്കൽ സെക്ഷൻ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നതിന് വേണ്ടി മൂന്ന് നിലകളിലായി 750 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള ഒരു മിനി വൈദ്യുതി ഭവനം ചെങ്ങന്നൂരിൽ ബോർഡിന്റെ സ്വന്തം സ്ഥലത്ത് പണിയുന്നതിന് രണ്ട് കോടി പതിമൂന്ന് ലക്ഷം രൂപയുടെ (₹ 2,13,00,000/-) ഭരണാനുമതി 07/03/2019-ൽ ബോർഡ് നൽകിയിരുന്നു. പ്രസ്തുത കെട്ടിടം നിർമ്മിക്കുന്നതിന് സാങ്കേതിക അനുമതിക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |
| (ബി) | വൈദ്യുതി പ്രസരണ നഷ്ടവും തടസ്സവും ഒഴിവാക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ള ഐ.പി.ഡി.എസ് '(ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം)' പദ്ധതി ചെങ്ങന്നൂരിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ? | (ബി) | ഐ.പി.ഡി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ചെങ്ങന്നൂരിലെ പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. ഒരു മാസത്തിനുള്ളിൽ പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിട്ടുണ്ട്.<br>പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ:-<br>1. പുതിയ 11 കെ.വി. ലൈൻ - 7 കി.മീ.<br>2. 11 കെ.വി. ABC കേബിൾ - 7 കി.മീ.<br>3. (a) പുതിയ 100 KVA ട്രാൻസ്ഫോർമർ -9 എണ്ണം<br>(b) 100 KVA ട്രാൻസ്ഫോർമർ ശേഷി വർദ്ധിപ്പിച്ച് 160 KVA ആക്കിയത് – 1 എണ്ണം<br>4. എൽ.ടി.ലൈൻ ശാക്തീകരണം–35 കി.മീ.<br>5. കേടായ മീറ്ററുകൾ മാറ്റി സ്ഥാപിക്കൽ - 10154 എണ്ണം |

സെക്ഷൻ ഓഫീസർ

9.